**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .6562 21-11-2019 -ൽ മറുപടിക്ക്

മഹാപ്രളയത്തിൽ നഷ്ടപ്പെട്ട പട്ടയങ്ങളും രേഖകളും ലഭ്യമാക്കുന്നതിന് നടപടികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.സജി ചെറിയാൻ** | | **ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | 2018-ലെ മഹാപ്രളയത്തിൽ പട്ടയങ്ങളും മറ്റ് രേഖകളും നഷ്ടപ്പെട്ടവർക്ക് ആയത് ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | എ) | 2018-ലെ പ്രളയത്തിൽ രേഖകൾ നഷ്ടപ്പെട്ടവർക്ക് വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് അദാലത്തുകൾ സംഘടിപ്പിക്കുകയും പ്രസ്തുത അദാലത്തിൽവെച്ച് തന്നെ തെരഞ്ഞെടുപ്പ് തിരിച്ചറിയൽ കാർഡ്, ആധാർ കാർഡ്, റേഷൻ കാർഡ്, ഡ്രൈവിംഗ് ലൈസൻസ്, ജനന മരണ വിവാഹ സർട്ടിഫിക്കറ്റുകൾ, ട്രാൻസ്ഫർ സർട്ടിഫിക്കറ്റ് എന്നീ സർട്ടിഫിക്കറ്റുകൾ അനുവദിച്ച് നൽകുകയും പരിശോധന ആവശ്യമുള്ള രേഖകളിൽ (ഭൂമിയുടെ പ്രമാണം, പാസ്പോർട്ട്, പാൻകാർഡ് മുതലായവ) അതത് വകുപ്പിനെ പ്രതിനിധീകരിച്ച ഉദ്യോഗസ്ഥർ പരിശോധിച്ച് താമസംവിനാ അനുവദിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |
| ബി) | ചെങ്ങന്നൂർ മണ്ഡലത്തിൽ ഇത്തരത്തിലുള്ള എത്ര അപേക്ഷകളാണ് ലഭിച്ചതെന്നും എത്രപേർക്ക് പ്രസ്തുത പ്രമാണങ്ങൾ നൽകുവാൻ കഴിഞ്ഞിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | ബി) & സി) | ചെങ്ങന്നൂർ താലൂക്ക് പരിധിയിൽ 2018-ലെ മഹാപ്രളയത്തിൽ പട്ടയം നഷ്ടപ്പെട്ടതായി കാണിച്ച് അപേക്ഷകൾ ലഭിച്ചിട്ടില്ല. |
| സി) | കാലതാമസം ഉണ്ടാകുന്നുണ്ടെങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ